**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

<u>വിജ്ഞാപനം</u>

<u>KEAM- 2025</u>

<u>ഫാർമസി കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ്</u>

ഫാർമസി കോഴ്സിലേയ്ക്ക് രണ്ടാംഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ കൺഫർ മേഷനുള്ള നടപടികൾ ആരംഭിച്ചു.

<u>രണ്ടാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ- ഓപ്ഷൻ കൺഫർമേഷൻ നിർബന്ധം:</u>

ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ആവശ്യപ്പെട്ടിരുന്ന ഫീസ് ഒടുക്കുകയും ചെയ്ത വിദ്യാർത്ഥികളും, ആദ്യഘട്ടത്തിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഫാർമസി കോഴ്സിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **Candidate portal**-ലെ ഹോംപേജിൽ പ്രവേശിച്ച് **'confirm'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും/ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും, പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേക്ക് പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **2.09.2025 , 6.00 PM വരെ** സൗകര്യം വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. . അനുബന്ധമായി ചേർത്തിട്ടുള്ള രണ്ടാം ഘട്ടത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേക്ക് ഈ ഘട്ടത്തിൽ ഓപ്ഷൻ പുതിയതായി രജിസ്റ്റർ ചെയ്യാവുന്നതാണ്. **രണ്ടാം ഘട്ടത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേക്ക് ഒന്നാം ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാതിരുന്ന അർഹരായ വിദ്യാർഥികൾക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ ടി വിദ്യാർഥികൾക്കു 18.08.2025 ലെ വിജ്ഞാപന പ്രകാരമുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും.**

*ഫാർമസി കോഴ്സിലേക്ക് ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവരും അലോട്ട്മെന്റ് ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ online കൺഫർമേഷൻ നടത്തേണ്ടതാണ് . ഒന്നാം ഘട്ട അലോട്മെന്റിനെ തുടർന്ന് കോളേജുകളിൽ ജോയിൻ ചെയ്യുകയും രണ്ടാം ഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താതിരിക്കുകയും ചെയ്യുവരുടെ ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ്*

*നിലനിൽക്കുന്നതായിരിക്കും. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.*

**രണ്ടാംഘട്ട അലോട്ട്മെന്റ് താൽക്കാലിക ഷെഡ്യൂൾ**

| | |
|---|---|
| 30.08.2025 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദുചെയ്യുന്നതിനും,പുതിയതായി ഉൾപ്പെടുത്തിയ കോളേജുകളിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം ആരംഭിക്കുന്നു. |
| 2.09.2025, 6.00 PM | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും,പുതിയതായി ഉൾപ്പെടുത്തിയ കോളേജുകളിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 3.09.2025 | ഫാർമസി കോഴ്സിലെ രണ്ടാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| 8.09.2025 | ഫാർമസി കോഴ്സിലെ രണ്ടാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 9.09.2025, to 12.09.2025 ,3.00 PM | ഫാർമസി കോഴ്സിലെ രണ്ടാംഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ബാധകമായ ഫീസ് അടച്ച് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. |

**രണ്ടാം ഘട്ടത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള ഫാർമസി കോളേജുകൾ**

| sl no | Code | College name | Total seats |
|---|---|---|---|
| 1 | DPB | Centre for Professional Studies Cheruvandoor ,Ettumanoor.P O,Kottayam | 60 |
| 2 | RIB | Department of Pharmaceutical Science,Puthuppally, Kottayam | 60 |

**കുറിപ്പ്:** ഫാർമസി കോഴ്സിലേയ്ക്ക് ഒന്നാംഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർക്ക് ഒന്നാംഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതും പുതിയ അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
30-08-2025

Signed by
Arun S Nair
Date: 30-08-2025 16:04:16